SEBASTIAN VANIYAPURACKAL
Administrator of the Syro-Malabar Church

Prot. No. 1208/2023

# സർക്കുലർ

സീറോമലബാർസഭയുടെ അഡ്മിനിസ്ട്രേറ്റർ സെബാസ്റ്റ്യൻ വാണിയപ്പുരയ്ക്കൽ,
സഭയിലെ എല്ലാ മെത്രാപ്പോലീത്തമാർക്കും മെത്രാന്മാർക്കും വൈദികർക്കും
സമർപ്പിതർക്കും അല്മായ സഹോദരിസഹോദരന്മാർക്കുമായി
പുറപ്പെടുവിക്കുന്ന സർക്കുലർ.

മിശിഹായിൽ പ്രിയ സഹോദരിസഹോദരന്മാരേ,

മാർതോമാശ്ലീഹായാൽ സ്ഥാപിതമായ സീറോമലബാർസഭയുടെ പിതാവും തലവനുമെന്ന നിലയിൽ 2011 മെയ് 29 മുതൽ സഭയെ നയിച്ച കർദിനാൾ മാർ ജോർജ് ആലഞ്ചേരി പിതാവ് മേജർ ആർച്ചുബിഷപ് ശുശ്രൂഷാസ്ഥാനത്തുനിന്നു വിരമിച്ചിരിക്കുകയാണല്ലോ. അഭിവന്ദ്യ പിതാവിന്റെ രാജി സ്വീകരിച്ചുകൊണ്ട് 2023 നവംബർ 29നു പരിശുദ്ധ പിതാവു ഫ്രാൻസിസ് മാർപാപ്പ അതീവഹൃദ്യമായ ഒരു കത്ത് എഴുതിയിരുന്നു. ആഗോളസഭയായി വളർന്നിരിക്കുന്ന സീറോമലബാർസഭയുടെ മൂന്നാമത്തെ മേജർ ആർച്ചുബിഷപ് എന്നനിലയിൽ കർദിനാൾ മാർ ജോർജ് ആലഞ്ചേരി മെത്രാപ്പോലീത്ത ചെയ്ത സ്തുത്യർഹമായ ശുശ്രൂഷകളെ ഈ കത്തിൽ പ്രത്യേകം പരാമർശിച്ചിട്ടുണ്ട്. അഭിവന്ദ്യ പിതാവു കഴിഞ്ഞ 12 വർഷങ്ങളായി തീക്ഷ്ണവും ശക്തവും ധീരവും സഹനബദ്ധവും ആത്മാർത്ഥവുമായിചെയ്ത നേതൃത്വശുശ്രൂഷകളെ നമുക്കു നന്ദിപൂർവം സ്മരിക്കാം.

വത്തിക്കാനിൽനിന്നു നല്കപ്പെട്ട നിർദേശപ്രകാരം 2023 ഡിസംബർ 7ന് ഇന്ത്യൻ സമയം വൈകുന്നേരം നാലരമണിക്കാണ് കർദിനാൾ മാർ ജോർജ് ആലഞ്ചേരി പിതാവു വിരമിക്കുന്ന വിവരം ഔദ്യോഗികമായി സഭാമക്കളെയും പൊതുസമൂഹത്തെയും അറിയിച്ചത്. ഇതേ സമയത്തുതന്നെ, എറണാകുളം-അങ്കമാലി അതിരൂപതയുടെ അപ്പസ്തോലിക് അഡ്മിനിസ്ട്രേറ്റർ സ്ഥാനത്തുനിന്ന് ആർച്ചുബിഷപ്പ് മാർ ആൻഡ്രൂസ് താഴത്ത് പിതാവു മാറിയ വിവരവും തൽസ്ഥാനത്ത് മെൽബൺ രൂപതയുടെ മുൻഅധ്യക്ഷൻ മാർ ബോസ്കോ പുത്തൂർ പിതാവു നിയമിക്കപ്പെട്ട വിവരവും അറിയിക്കപ്പെട്ടു.

മേജർ ആർച്ചുബിഷപ്പിന്റെ സ്ഥാനം ഒഴിവുവരുമ്പോൾ പുതിയ മേജർ ആർച്ചുബിഷപ് സ്ഥാനം ഏറ്റെടുക്കുന്നതുവരെയുള്ള കാലഘട്ടത്തിൽ കൂരിയമെത്രാനാണ് സഭയുടെ അഡ്മിനിസ്ട്രേറ്ററായി സഭയ്ക്കു നേതൃത്വംകൊടുക്കേണ്ടതെന്നു കാനൻനിയമം അനുശാസിക്കുന്നു. അതിൻപ്രകാരം, ഞാൻ ഏറ്റെടുത്തിരിക്കുന്ന ഈ ശുശ്രൂഷാനിർവഹണത്തിനു ആവശ്യമായ ദൈവകൃപ ലഭിക്കുന്നതിനുവേണ്ടി എല്ലാവരുടെയും പ്രാർഥനാസഹായം അപേക്ഷിക്കുന്നു.

പുതിയ സഭാതലവനെ തെരഞ്ഞെടുക്കുന്നതിനു മേജർ ആർച്ചുബിഷപ്പു വിരമിച്ച ദിവസംമുതൽ രണ്ടു മാസത്തിനകം മെത്രാൻസിനഡു വിളിച്ചുകൂട്ടണമെന്ന സഭയുടെ കാനൻ നിയമം ഈ സാഹചര്യത്തിൽ ബാധകമാണ്. സീറോമലബാർ മെത്രാൻമാരുടെ മുപ്പത്തിരണ്ടാം സിനഡിന്റെ ഒന്നാം സമ്മേളനം 2024 ജനുവരിയിൽ നടത്തുന്നതിനുവേണ്ടി നിയമപ്രകാരമുള്ള ഔദ്യോഗിക കല്പന കഴിഞ്ഞ ഒക്ടോബർ 8നു നല്കപ്പെട്ടിട്ടുള്ളതാണ്. 2023 ഡിസംബർ 7നു വൈകുന്നേരം കൂടിയ പെർമനെന്റ് സിനഡിന്റെ തീരുമാനപ്രകാരം ജനുവരി 8 മുതൽ 13 വരെ നടക്കുന്ന സിനഡുസമ്മേളനത്തിൽത്തന്നെ പുതിയ മേജർ ആർച്ചുബിഷപ്പിന്റെ തെരഞ്ഞെടുപ്പു നടപടികൾ ആരംഭിക്കുന്നതാണ്. സിനഡു തെരഞ്ഞെടുക്കുന്ന പുതിയ മേജർ ആർച്ചുബിഷപ്പിന് പരിശുദ്ധ മാർപാപ്പയുടെ സ്ഥിരീകരണം ലഭിച്ചാലുടൻ ഇതുസംബന്ധിച്ച ഔദ്യോഗികപ്രഖ്യാപനവും തുടർന്നു സ്ഥാനാരോഹണവും നടക്കുന്നതാണ്. ഈ കാലഘട്ടത്തിൽ സീറോമലബാർ സഭയെ നയിക്കാൻ ഏറ്റവും അനുയോജ്യനായ വ്യക്തി ഈ ശുശ്രൂഷാപദവിയിലേക്കു

തെരഞ്ഞെടുക്കപ്പെടുന്നതിനുവേണ്ടി എല്ലാവരും പ്രാർഥിക്കണമെന്ന് അഭ്യർത്ഥിക്കുന്നു. സഭ മുഴുവനിലും ചൊല്ലുന്നതിനു ഒരു പ്രാർഥന തയ്യാറാക്കി ഈ സർക്കുലറിനൊപ്പം നല്കുന്നു. ഇത് 2023 ഡിസംബർ 10 ഞായർ മുതൽ 2024 ജനുവരി 13 വരെ നമ്മുടെ എല്ലാ ദൈവാലയങ്ങളിലും സന്യാസഭവനങ്ങളിലും സ്ഥാപനങ്ങളിലും വിശുദ്ധ കുർബാനക്കുശേഷവും കുടുംബങ്ങളിൽ സായാഹ്നപ്രാർഥനക്കുശേഷവും ചൊല്ലണമെന്നു അറിയിക്കുന്നു.

മറ്റൊരു സുപ്രധാനകാര്യംകൂടി അറിയിക്കാൻ ആഗ്രഹിക്കുന്നു. സീറോമലബാർസഭയുടെ ഹയരാർക്കിസ്ഥാപനത്തിന്റെ ശതാബ്ദിവർഷസമാപനത്തിലെത്തിയിരിക്കുകയാണ് നാമിപ്പോൾ. 'റൊമാനി പൊന്തിഫിച്ചെസ്' എന്ന തിരുവെഴുത്തുവഴി 1923 ഡിസംബർ 21ന് പരിശുദ്ധ പിതാവ് പതിനൊന്നാം പിയുസ് മാർപാപ്പയാണ് സീറോമലബാർ ഹയരാർക്കി സ്ഥാപിച്ചത്. എറണാകുളത്തെ അതിരൂപതാപദവിയിലേയ്ക്കുയർത്തുകയും തൃശ്ശൂർ, ചങ്ങനാശ്ശേരി, കോട്ടയം എന്നിവയെ സാമന്തരൂപതകളായി നിശ്ചയിക്കുകയും ചെയ്തുകൊണ്ടു റോമാ മാർപാപ്പ എടുത്ത ഈ തീരുമാനത്തെത്തുടർന്നു സഭയുടെ നാളിതുവരെയുള്ള വളർച്ച അത്ഭുതാവഹമാണ്. പതിനാറാം നൂറ്റാണ്ടുവരെ ഭാരതംമുഴുവനിലും അജപാലനാധികാരം ഉണ്ടായിരുന്ന സീറോമലബാർസഭയ്ക്ക് ഇടക്കാലത്ത് ഇതിനു പരിമിതികൾ ഉണ്ടായിരുന്നെങ്കിലും ഇപ്പോൾ ഇതു പുനസ്ഥാപിക്കപ്പെട്ടു. 1887ലെ വികാരിയാത്തുകളുടെ സ്ഥാപനവും 1923ലെ ഹയരാർക്കി സ്ഥാപനവുമാണ് ഈ പ്രക്രിയയ്ക്ക് ആക്കംകൂട്ടിയത് എന്നതു പ്രത്യേകം സ്മരണീയമാണ്. ഈ ശതാബ്ദിവർഷത്തിൽ ഹയരാർക്കിസ്ഥാപനത്തിലൂടെ ദൈവം നമ്മുടെ സഭക്കു നല്കിയ അനുഗ്രഹങ്ങളെ നന്ദിയോടെ ഓർക്കാം. അതിന്റെ ഭാഗമായി 2023 ഡിസംബർ 21 വ്യാഴാഴ്ച സഭയിലെ എല്ലാ കത്തീഡ്രൽ ദൈവാലയങ്ങളിലും രൂപതാധ്യക്ഷന്മാരുടെ കാർമികത്വത്തിൽ പ്രത്യേക വിശുദ്ധ കുർബാന അർപ്പിച്ചു പ്രാർഥിക്കണമെന്ന് അഭ്യർത്ഥിക്കുന്നു. അന്നേദിവസം ഉച്ചകഴിഞ്ഞ് മൂന്നുമണിക്ക് സഭയുടെ കേന്ദ്രകാര്യാലയമായ കാക്കനാട് മൗണ്ട് സെന്റ് തോമസിലും പ്രത്യേക വിശുദ്ധ കുർബാന അർപ്പിക്കുന്നതാണ്.

ഹെബ്രായലേഖനത്തിൽ നാം വായിക്കുന്നതുപോലെ, "സ്നേഹത്തോടെ ജീവിക്കുന്നതിനും നല്ല കാര്യങ്ങൾ ചെയ്യുന്നതിനും പരസ്പരം പ്രോത്സാഹിപ്പിക്കാൻ എങ്ങനെ കഴിയുമെന്നു നമുക്കു പര്യാലോചിക്കാം (10:24). പരസ്പരസ്നേഹത്തോടും ഐക്യത്തോടും സഹകരണമനോഭാവത്തോടുംകൂടി സഭയുടെയും പൊതുസമൂഹത്തിന്റെയും വളർച്ചക്കുവേണ്ടി നമുക്ക് ഒരുമിച്ചു പ്രവർത്തിക്കാം.

സമാഗതമാകുന്ന ക്രിസ്മസിന്റെ മംഗളങ്ങൾ ഏവർക്കും സ്നേഹപൂർവ്വം ആശംസിക്കുന്നു.

കാക്കനാട് മൗണ്ട് സെന്റ് തോമസിലുള്ള മേജർ ആർക്കിഎപ്പിസ്കോപ്പൽ കാര്യാലയത്തിൽനിന്നു 2023 ഡിസംബർ 9-ാം തിയതി നൽകപ്പെട്ടത്.

ഈശോയിൽ സ്നേഹപൂർവം,

**ബിഷപ് സെബാസ്റ്റ്യൻ വാണിയപ്പുരയ്ക്കൽ**
സീറോമലബാർസഭയുടെ അഡ്മിനിസ്ട്രേറ്റർ

---

ഈ സർക്കുലർ 2023 ഡിസംബർ 10 ഞായറാഴ്ച സീറോമലബാർസഭയിലെ എല്ലാ ഇടവക ദൈവാലയങ്ങളിലും സ്ഥാപനങ്ങളിലും സമർപ്പിതഭവനങ്ങളിലും പരിശീലനകേന്ദ്രങ്ങളിലും മേജർ സെമിനാരികളിലും വിശുദ്ധ കുർബാനമധ്യേ വായിക്കേണ്ടതാണ്.